LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാർശ്വവൽകൃത ജനസമൂഹത്തിന്റെ ഉന്നമനത്തിനായി വിനിയോഗിക്കേണ്ട പണം തട്ടിയെടുക്കുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും അർഹതപ്പെട്ടവരിലേക്ക് സഹായങ്ങൾ എത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനും കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളിൽ ഭാവിയിൽ സാമ്പത്തിക ക്രമക്കേട് ഉണ്ടാകാതിരിക്കുന്നതിനും അർഹതപ്പെട്ട ഗുണഭോക്താക്കളിലേയ്ക്ക് ആനുകൂല്യം ലഭിക്കുന്നതിനും വേണ്ട മാറ്റങ്ങൾ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു.

പട്ടികജാതി വികസന വകുപ്പിൽ മലപ്പുറം ജില്ലയിലെ ഒഴിവുകൾ

85(391) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിൽ മലപ്പുറം ജില്ലയിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിലവിലുള്ള ഒഴിവുകൾ എത്രയാണ്; അത് നികത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

പ്രസ്തുത തസ്തികയിൽ നിലവിൽ 3 ഒഴിവുകളുണ്ട്. നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പല ഓഫീസുകളിലും വികസന പദ്ധതികൾ നിർവ്വഹണം നടത്തുന്നതിന് ഉദ്യോഗസ്ഥർ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടിയന്തരമായി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉണ്ട്. പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) മലപ്പുറം നഗരസഭയിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ ?

പരിശോധിക്കുന്നതാണ്.

വാത്സല്യനിധി പദ്ധതി

86 (392) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പട്ടികവിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി നടപ്പിലാക്കിയിരുന്ന വാത്സല്യനിധി പദ്ധതി ഇപ്പോൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന ഗുണഭോക്താക്കളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടുണ്ടോ; വാത്സല്യനിധി പദ്ധതിയുടെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) നിലവിലുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന ഗുണഭോക്താക്കളുടെ എണ്ണം പരിമിതിപ്പെടുത്തിയിട്ടില്ല. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കുന്നവരെയെല്ലാം പട്ടികജാതി വിഭാഗത്തിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയിൽ ഉള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000 രൂപ നാല് ഇൻസ്റ്റാൾമെന്റുകളിലായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട കുട്ടിക്ക് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly